**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5579** | **15-03-2023 - ൽ മറുപടിയ്ക്ക്**

**ഫിറ്റ്നസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വ്യായാമശീലം ജീവിതത്തിന്റെ ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെ കായിക വകുപ്പ് എത്ര ഫിറ്റ്നസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യായാമ ശീലം ജീവിതത്തിന്റെ ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെ കായിക വകുപ്പ് ആരംഭിച്ചിട്ടുള്ള ഫിറ്റ്നസ് സെന്ററുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കൂടുതൽ ഫിറ്റ്നെസ് സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കൊയിലാണ്ടി സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ പ്രവൃത്തിയ്ക്കായി 66.11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പ്രവൃത്തിയുടെ പേര് | നാളിതുവരെ ചെലവഴിച്ച തുക (രൂപയിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, കോന്നി, പത്തനംതിട്ട | 98,68,839/- | പ്രവൃത്തി പൂർത്തീകരിച്ചു. ബഹു. കായിക വകുപ്പ് മന്ത്രി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| 2 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, മീനച്ചിൽ, പാല, കോട്ടയം | 33,71,246/- | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3. | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ചിറ്റൂർ, പാലക്കാട് | 30,50,691/- | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 4. | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, കോട്ടപ്പടി, മലപ്പുറം | 17,90,624/- | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 5. | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ഒളവണ്ണ ഗ്രാമ പഞ്ചായത്ത് കുന്ദമംഗലം, കോഴിക്കോട് | 10,66,213/- | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| | **ആകെ തുക** | **1,91,47,613/-** | |

| | | | |
|---|---|---|---|
| 1. | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, മാവേലിക്കര, ആലപ്പുഴ | 41,20,684/- (കരാർ തുക) | പ്രവൃത്തി പുരോഗമിച്ചു വരുന്നു. പ്രവൃത്തി തീരുന്ന മുറയ്ക്ക് പേയ്മെന്റ് ചെലവാക്കുന്നതാണ്. |
| 2. | അഴീക്കോട് വൻക്കുളത്ത് വയൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 69,83,000/- (ഭരണാനുമതി തുക) | പ്രവൃത്തിയ്ക്കായി 69.83 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

Rajeev R Pillai

**സെക്ഷൻ ഓഫീസർ**